"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം വകുപ്പ് മേധാവി ശ്രീ Y.V.അശോകന് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധികച്ചുമതല നൽകിയ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.743/2025/HEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 11.06.2024-ലെ DTETVM/4799/2024-EA4 നമ്പർ നടപടിക്രമം
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 10.05.2025-ലെ DTETVM/4799/2024-EA4 (EA) നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ പ്രിൻസിപ്പാൾ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പ്രകാശൻ എം.സി 31.05.2024 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം ടി കോളേജിലെ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം വകുപ്പ് മേധാവിയായ ശ്രീ Y.V അശോകൻ 01.06.2024 തീയതി മുതൽ 20.08.2024 തീയതി വരെ കോളേജ് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നു. ടിയാന് അധിക ചുമതല നൽകിയ ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്നും പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ പ്രിൻസിപ്പാൾ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പ്രകാശൻ എം.സി 31.05.2024 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടി കോളേജിലെ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം വകുപ്പ് മേധാവിയായ ശ്രീ Y.V അശോകന് 01.06.2024 തീയതി മുതൽ 20.08.2024 തീയതി വരെ കോളേജ് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല കേരള സർവീസ് ചട്ടത്തിലെ റൂൾ 53 (ബി) ഭാഗം-1 പ്രകാരം സർക്കാരിൽ നിന്നുള്ള സാധൂകരണത്തിന് വിധേയമായി നൽകിയ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PARVATHY S A

അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ Y.V അശോകൻ, വകുപ്പ് മേധാവി, മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം, സർക്കാർ പോളിടെക്നിക്ക് കോളേജ്, കണ്ണൂർ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Geetha Lekshmi. G
Date: 10-06-2025 15:43:07
സെക്ഷൻ ഓഫീസർ